# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4778 18/12/2014-ൽ മറുപടിയ്ക്ക്

## ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ സ്ഥലമെടുപ്പ് ഓഫീസുകൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഈ സന്ദർഭത്തിൽ റവന്യൂ വകുപ്പിൽ നിന്നും സ്ഥലമെടുപ്പ് പ്രത്യേക ഓഫീസുകളിലേയ്ക്ക് നിയമിക്കപ്പെട്ട ജീവനക്കാരെ ഏതു നിലയിലാണ് പുനർവിന്യസിക്കുക എന്നു വ്യക്തമാക്കുമോ ; | (എ) ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ സ്ഥലമെടുപ്പ് ഓഫീസുകൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. നിർത്തലാക്കിയ ആഫീസിലെ റവന്യൂ ജീവനക്കാർക്ക് അതതു ജില്ലയിൽ പുനർവിന്യാസം നടത്താൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ദേശീയ പാതയുടെ ഗുണനിലവാരവും വലിപ്പവും ഒരു ദേശീയ സ്റ്റാൻഡേർഡാണെന്നിരിക്കേ അപ്രകാരമുള്ള ഒരാവശ്യത്തിന് സ്ഥലമെടുക്കുവൻ ദീർഘകാലമായി ഒട്ടേറെ മനുഷ്യാധ്വാനവും പൊതു സമ്പത്തും ചെലവിട്ടു കഴിഞ്ഞ ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനത്തിനായി ചെലവിട്ട തുക വൃഥാവിലാകാതിരിക്കാനും ഈ ആവശ്യത്തിനായി വിന്യസിക്കപ്പെട്ട റവന്യൂ ജീവനക്കാരെ അവിടെ നിലനിർത്താനും എന്തു നടപടികൾ കൈക്കൊള്ളുമെന്നു പറയാമോ? | (ബി) ജീവനക്കാരെ അതതു ജില്ലകളിൽ തന്നെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.